# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.27** — **26/09/2016-ൽ മറുപടിക്ക്**

## ഓഫീസുകളിൽ നൽകുന്ന പരാതികളിന്മേലുള്ള തുടർനടപടി

**ചോദ്യം**
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

**ഉത്തരം**
ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നിന്നും എം.എൽ.എ.മാർക്ക് ലഭിക്കുന്ന മറുപടിയുടെ മാതൃകയിൽ സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ നിന്നും മറുപടി നൽകുവാൻ ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | എം.പി/എം.എൽ.എ. മാരിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങൾക്ക്/കത്തുകൾക്ക് മുന്തിയ പരിഗണന നൽകണമെന്നും അവയ്ക്ക് കഴിവതും 10 ദിവസങ്ങൾക്കകം മറുപടി നൽകേണ്ടതാണെന്നും ഇത്തരം കത്തുകൾ ലഭിച്ചതായുള്ള അറിയിപ്പുകൾ കൃത്യമായി നൽകണമെന്നും പ്രസ്തുത കത്തുകളിലും/ നിവേദനങ്ങളിലും സ്വീകരിക്കപ്പെടുന്ന നടപടികൾ സംബന്ധിച്ച് നിയമസഭാംഗ-ങ്ങളെ അറിയിക്കേണ്ടതാണെന്നും എല്ലാ വകുപ്പുതലവൻമാർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | വിവിധ ഓഫീസുകളിൽ നൽകുന്ന അപേക്ഷകളും പരാതികളും സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിക്കുവാനും ആ വിവരം കക്ഷികളെ അറിയിക്കണമെന്ന കാര്യത്തിലും ആവശ്യമായ നിർദ്ദേശം വകുപ്പ് അധ്യക്ഷൻമാർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ/ അപേക്ഷകൾ/നിവേദനങ്ങൾ തുടങ്ങിയവക്ക് ഒരാഴ്ചയ്ക്കുള്ളിൽ കൈപ്പറ്റ് രസീത് നൽകണമെന്നും പ്രസ്തുത പരാതികൾ/അപേക്ഷകൾ/ നിവേദനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അപേക്ഷകന് ഒരു മാസത്തിനുള്ളിലും അന്തിമ തീർപ്പ് 3 മാസത്തിനകവും നൽകണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് വിവിധ ഓഫീസുകളിൽ നൽകുന്ന അപേക്ഷകൾ റിപ്പോർട്ടിനുവേണ്ടി ഗവ.സെക്രട്ടറി, ഡയറക്ടർ, ജില്ലാ ഓഫീസർ എന്നിവർ വഴി ബന്ധപ്പെട്ട ഓഫീസിൽ എത്തുമ്പോൾ ധാരാളം സമയം എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ: | (സി) ഉം (ഡി) ഉം | സർക്കാരിൽ ലഭിക്കുന്ന നിവേദനങ്ങളിലും/ അപേക്ഷകളിലും ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനായി നിവേദനത്തിലെ/ അപേക്ഷയിലെ വസ്തുതകൾ സംബന്ധിച്ചും സ്വീകരിച്ച നടപടികൾ സംബന്ധിച്ചും വകുപ്പദ്ധ്യക്ഷന്മാരുടെ റിപ്പോർട്ട് ആവശ്യമായി വരും. മേൽ സാഹചര്യങ്ങളിൽ സമയബന്ധിതമായി റിപ്പോർട്ട്/മറുപടി ലഭ്യമാക്കണമെന്നറിയിച്ച് സർക്കാരിൽ നിന്നും വകുപ്പദ്ധ്യക്ഷന്മാർക്ക് കത്ത് നൽകാറുണ്ട്. അപ്പീൽ അധികാരിയെന്ന നിലയിൽ സർക്കാർ തലത്തിൽ നടത്തുന്ന സമഗ്ര പരിശോധനയുടെ ഭാഗമായിട്ടാണ് ഇത്തരത്തിൽ റിപ്പോർട്ട് തേടുന്നത്. എന്നാൽ സർക്കാർ ആഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ കാലതാമസം കൂടാതെ നടപടികൾ സ്വീകരിച്ച് പൊതു ജനങ്ങൾക്ക് സമയബന്ധിതമായി സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിന് കേരള സംസ്ഥാന സേവനാവകാശ നിയമവും നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത നിയമ പ്രകാരം സേവനം ലഭ്യമാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികളും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഡി) | ഇത് ഒഴിവാക്കുവാൻ റിപ്പോർട്ടുകൾ നേരിട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് ആവശ്യപ്പെടുവാൻ നടപടി സ്വീകരിക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**